# മതവികാരങ്ങളുടെ വ്രണപ്പെടൽ

കുറ്റിപ്പുഴ കൃഷ്ണപിള്ള



മതവികാരങ്ങളുടെ വ്രണപ്പെടൽ

കുറ്റിപ്പുഴ കൃഷ്ണപിള്ള

(മലയാളം: ലേഖനം)

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.


The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Old Woman Praying, a painting by Matthias Stom (1615–1649). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മതവികാരങ്ങളുടെ വ്രണപ്പെടൽ

മതവികാരങ്ങളെ വ്രണപ്പെടുത്തുന്നവത്രെ. ഇങ്ങനെ ഒരു മുറവിളി ഇടയ്ക്കിടയ്ക്ക് കേൾക്കാറുണ്ടല്ലോ. എന്തൊരു ഭ്രാന്തജല്പനമാണിതെന്ന് ചിന്തകന്മാർ ചോദിച്ചേക്കാം. പക്ഷേ, ചിന്തകന്മാരുടെ ലോകമല്ലല്ലോ ഇത്. മുക്കാലും മൂഢരായിട്ടുള്ള ജനസമൂഹത്തിന്റെ വികാരച്ചൂടിൽ പെട്ടെന്ന് വെന്ത് പൊന്തുന്ന പരിപ്പാണ് ഈ മുറവിളി. മതത്തിന്റെ പേരിൽ വികാരപരവശരാകുന്നവരെ എളുപ്പം ഇളക്കിവിടാൻ ഇത്രയും പറ്റിയ വിദ്യ വേറെയില്ല. കഷ്ടകാലത്തിന് നമ്മുടെ നാട്ടിൽ അത്തരക്കാർ ഒട്ടുവളരെ ഉണ്ടുതാനും. അവരെക്കൊണ്ട് മുതലെടുക്കാനുള്ള കുറുക്കുവഴിയാണിത്. ഈ കുളംകലക്കലിൽ പരവഞ്ചന മാത്രമല്ല, ആത്മവഞ്ചനയും പ്രത്യക്ഷപ്പെടുന്നുണ്ട്. മതത്തിന്റെ പേരിൽ ഈ 'ഹാലിളക്കം' സൃഷ്ടിക്കുന്നവർക്ക് വാസ്തവത്തിൽ ഒരു മതവുമില്ല വികാരവുമില്ല. ഉണ്ടെങ്കിൽ അത് ദുഷ്ടമായ മതവും ദുഷ്ടമായ വികാരവുമായിരിക്കും. ശുദ്ധമായത് വ്രണപ്പെടുകയില്ലല്ലൊ. മതപരമായ ദുർവികാരം മനസ്സിന്റെ ഒരു വ്രണംതന്നെയാണ്. അത് വീണ്ടും വ്രണപ്പെടാനുമില്ല. എന്നാൽ, പിന്നെ എന്തിനാണ് ഇക്കൂട്ടർ ഈ ചൂളംവിളി നടത്തുന്നത്? അത് മുമ്പ് പറഞ്ഞതുപോലെ അന്ധമായ ജനസമൂഹത്തെ പ്രക്ഷുബ്ധമാക്കി, മതത്തോട് ബന്ധമില്ലാത്ത മറ്റ് ചില കാര്യങ്ങൾ നേടാൻ. ഉത്സവസ്ഥലത്ത് ജനക്കൂട്ടത്തിനിടയിൽ നിന്നുകൊണ്ട് ആന വിരണ്ടുവെന്ന് വിളിച്ചുപറയുന്ന തസ്കരന്മാരില്ലേ? ഭയാക്രാന്തരായ ജനങ്ങൾ നാലുപാടും ഓടുമ്പോൾ പോക്കറ്റടി നടത്താനും ആഭരണങ്ങൾ അപഹരിക്കാനും നല്ല തക്കമാണ്. ഏതാണ്ട് ഇതിന്റെയൊരാത്മീയപതിപ്പാണ് 'മതം അപകടത്തിൽ', 'മതവികാരങ്ങളെ വ്രണപ്പെടുത്തുന്നു' എന്നും മറ്റുമുള്ള മുറവിളികൂട്ടലിലും പ്രതിഫലിക്കുന്നത്. തസ്കരവൃത്തിയേക്കാൾ നികൃഷ്ടവും ബഹുധാ ആപല്കരവുമാണ് ഈ ആത്മീയവഞ്ചന. ആദ്യത്തേത് ഏതാനും വ്യക്തികൾക്ക് ധനനഷ്ടമുണ്ടാക്കുന്നതേയുള്ളൂ. നീണ്ടുനിൽക്കുന്നുമില്ല അതിന്റെ ദോഷം. രണ്ടാമത്തേത് മാനസികമായ സാംക്രമികരോഗമായിത്തീർന്ന് നാടാകെ ബാധിച്ച് ജനസമൂഹത്തെ പരിഭ്രാന്തിയിലേക്ക് തളിവിടുന്നു. തജ്ജന്യമായ ദോഷം ചിരകാലം പ്രവർത്തിക്കുകയും ചെയ്യും.


എച്ച്. ജി. വെൽസ്

എച്ച്. ജി. വെൽസ് ഒരു ലോകചരിത്രമെഴുതി, അത് പുറത്തുവന്നപ്പോൾ മുസ്ലീംലോകത്തിന്റെ മതവികാരങ്ങൾ ഒന്ന് വ്രണപ്പെട്ടുനോക്കി; ചില കോളിളക്കങ്ങളുമുണ്ടായി. ഒന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ എല്ലാം താനെ കെട്ടടങ്ങി. ആ വിശിഷ്ടഗ്രന്ഥം അഖിലലോകപ്രശസ്തിയോടെ ഇന്നും പ്രചരിക്കുന്നു. ഇതൊരു പഴയ കഥയാണ്. അടുത്തകാലത്ത് ബോംബെയിലെ വിദ്യാഭവൻ പ്രസിദ്ധീകരിച്ച ഒരു പരിഭാഷാഗ്രന്ഥം ഇന്ത്യയിൽ ഇസ്ലാമികമതവികാരങ്ങളെ കുറെനാളത്തേക്ക് വ്രണപ്പെടുത്തിക്കൊണ്ടിരുന്നു. ആ പരിഭാഷയുടെ മൂലകൃതി പാക്കിസ്ഥാനിൽ സ്വാഗതം ചെയ്യപ്പെട്ടതാണെന്ന വസ്തുതപോലും ഇവിടത്തെ വ്രണിതവികാരന്മാർ വിസ്മരിച്ചുകളഞ്ഞു! ഈയിടെ കേരളത്തിലും കുറെപ്പേർക്ക് മതവികാരങ്ങൾ വ്രണപ്പെട്ടു. അവരിൽ എല്ലാ മതക്കാരുമുണ്ട്. പാഠ്യപുസ്തകങ്ങളെപ്പറ്റി കത്തോലിക്കാകോൺഗ്രസ് പ്രസിദ്ധീകരിച്ച ഒരു നിരൂപണഗ്രന്ഥത്തിലാണ് ഈ കണ്ടുപിടിത്തമുണ്ടായത്. അതിൽ നിരൂപകൻ സ്വമതത്തിന്റെ മാത്രമല്ല, ഹിന്ദുമതത്തിന്റെയും വക്താവായി വ്രണപരിശോധന നടത്തുന്നതിലാണ് ബഹുരസം! ഇത്രയും വിചിത്രമായൊരു നക്രബാഷ്പബഹിർഗമനം മറ്റെങ്ങും കാണുമെന്ന് തോന്നുന്നില്ല. ചിരിക്കാൻ വകയുള്ള ഒരു ഉദാഹരണം പറയാം. കേരളപാഠാവലി ആറാം പുസ്തകത്തിൽ കൃഷ്ണപ്പരുന്തിനെപ്പറ്റി രസാത്മകവും ശാസ്ത്രീയവുമായ രീതിയിൽ എഴുതപ്പെട്ട ഒന്നാന്തരമൊരു പാഠം ചേർത്തിട്ടുണ്ട്. പക്ഷിവർഗപഠനത്തിൽ വിദഗ്ധനെന്ന് പേരുകേട്ട സഹൃദയനും നിരീക്ഷണപടുവുമായ ഒരു പ്രബന്ധകാരൻ ശാസ്ത്രബുദ്ധിയോടെ എഴുതിയ ഒരു ലേഖനമാണിത്. 'നമ്മുടെ കോഴിക്കുഞ്ഞുങ്ങളെ മോഷ്ടിക്കുവാൻ തരംനോക്കി നടക്കുന്ന ഈ കള്ളനെയാണ് വിഷ്ണുവിന്റെ വാഹനമായി കല്പിച്ചിട്ടുള്ളത്' എന്നൊരു വാക്യം അതിലുണ്ട്, വകതിരിവും രസികതയും ഉള്ളവരാരും അതിന് കുറ്റം പറകയില്ല. എന്നാൽ, നമ്മുടെ പാഠ്യപുസ്തകനിരൂപകൻ വിഷയം, സന്ദർഭം ഇത്യാദിയൊന്നും നോക്കാതെ കൂട്ടത്തിൽനിന്ന് ആ വാക്യം മാത്രം ഊരിയെടുത്ത് പൊക്കിപ്പിടിച്ചുകൊണ്ട്, അത് ഗരുഡനെ ആരാധിക്കുന്ന ഹിന്ദുക്കളുടെ മതവികാരങ്ങളെ വ്രണപ്പെടുത്തുന്ന പ്രയോഗമാണെന്ന് ആക്ഷേപിച്ചിരിക്കുന്നു! പക്ഷേ, വികാരങ്ങൾ മുറിപ്പെട്ടതായിട്ടുപോലും കേരളത്തിലെ ഒരു ഹിന്ദുവും പറഞ്ഞുകേട്ടില്ല. പരാതി മുഴുവൻ കത്തോലിക്കാപ്രതിനിധിയായ ക്രൈസ്തവനിരൂപകനാണ്. വികാരങ്ങൾ ഇത്ര പെട്ടെന്ന് വ്രണപ്പെടത്തക്കവിധം ദുഷ്ടമോ സങ്കുചിതമോ അല്ല ഹിന്ദുക്കളുടെ മതമെന്ന് ഇപ്പോഴെങ്കിലും ഈ നിരൂപകൻ മനസ്സിലാക്കിയിട്ടുണ്ടാകും. ശ്രീകൃഷ്ണനെ വെണ്ണ കട്ടുതിന്നവനെന്ന് വിശേഷിപ്പിച്ച് സ്തോത്രം ചൊല്ലി ശീലിച്ചിട്ടുള്ള സഹൃദയരാണ് ഹിന്ദുക്കൾ. കാര്യലാഭത്തിനായി മതവികാരം വിജൃംഭണം അഭിനയിക്കുന്ന മാരീചന്മാരെ അവരുടെയിടയിലും കണ്ടേക്കാം. എന്നാലും പൊതുവേ അവർ മതത്തിന്റെ പേരിൽ ചാടിത്തുള്ളി അട്ടഹസിക്കുന്നവരല്ല. പക്ഷിമൃഗാദി പരാമർശംകൊണ്ട് ഹിന്ദുക്കളുടെ മതവികാരങ്ങൾ ഇളകാൻ തുടങ്ങിയാൽ അതിന് അവസാനമുണ്ടാകുമോ? ആമ, എലി, മത്സ്യം, പാമ്പ് തുടങ്ങിയ എത്രയെത്ര ക്ഷുദ്രജന്തുക്കളാണ് അവരുടെ മതകഥകളുമായി ബന്ധപ്പെട്ടുകിടക്കുന്നത്! ഇവയുടെ ചേഷ്ടാവിശേഷങ്ങളെപ്പറ്റിയും തത്സംബന്ധമായ പൗരാണികസങ്കല്പങ്ങളെപ്പറ്റിയും ഒന്നും മിണ്ടിപ്പോകരുതെന്നു മണ്ടശ്ശിരോമണിപോലും പറയും? വൃക്ഷലതാദികളിലും പക്ഷിമൃഗാദികളിലും ദിവ്യത്വം കല്പിക്കുന്ന പ്രാകൃതമതവിശ്വാസങ്ങളുടെ അവശിഷ്ടങ്ങൾക്ക് പൂർവകാലാനുസൃതമായ പ്രാബല്യംതന്നെ ഈ ഇരുപതാം നൂറ്റാണ്ടിലും കൊടുക്കണമെന്നോ? കാലത്തെപ്പിടിച്ച് പുറകോട്ട് തള്ളാനുള്ള മതിഭ്രമവും മനുഷ്യരെ ബാധിക്കാറുണ്ടല്ലോ. ആർക്കെങ്കിലും മതവിരോധം ഉളവാകണമെന്ന് മനസാ വാചാ കർമണാ ഉദ്ദേശിച്ചുകൊണ്ടല്ല ശാസ്ത്രകാരനായ ആ മാന്യൻ പ്രസ്തുത പാഠമെഴുതിയത്. പക്ഷേ, മതവികാരപാരവശ്യത്തെ മനഃപൂർവം പരചൂഷണോപകരണമാക്കുന്നവർക്ക് സത്യമേതാണെന്ന് അന്വേഷിക്കേണ്ട ചുമതലയില്ലല്ലോ. ബോംബെയിൽനിന്ന് വന്ന മലയാളം അറിഞ്ഞുകൂടാത്ത മഹായോഗ്യനായ ഒരു ഹൈന്ദവനേതാവ് ഈ ഗരുഡദുഷ്പ്പവാദം ഒരു പ്രസ്താവനയിൽ ഏറ്റുപാടുകയുണ്ടായി. അതാണ് ഏറ്റവും വലിയ അത്ഭുതം. കുലപതിയെന്ന സ്ഥാനപ്പേരിനാൽ ബഹുവിശ്രുതനായിരിക്കുന്ന ഈ ആചാര്യപാദന്മാരുടെ ഹിന്ദുമതം പക്ഷിമൃഗാദിപൂജയ്ക്ക് ഇത്ര വളരെ പ്രാധാന്യം കൊടുക്കുന്ന ഒന്നാണെങ്കിൽ അദ്ദേഹം ഇപ്പോൾ ഏറ്റെടുത്തിട്ടുള്ള ഭാരതസംസ്കാരഗോവർദ്ധനോദ്ധാരണം എങ്ങനെ പര്യവസാനിക്കുമെന്ന് കണ്ടുതന്നെ അറിയണം. ഇതൊക്കെ കാണുമ്പോൾ മതമേ, നിന്റെ പേര് ചാപല്യമെന്നോ കാപട്യമെന്നോ എന്ന് ചോദിപ്പാൻ തോന്നിപ്പോകുന്നു.

സോക്രട്ടീസും ക്രിസ്തുദേവനും മഹാത്മാഗാന്ധിയും ജീർണിച്ച മതവികാരങ്ങളെപ്പിടിച്ച് കുലുക്കിയവരാണ്. അതുകൊണ്ട് ഗുണമല്ലേ ഉണ്ടായിട്ടുള്ളൂ? എന്നിട്ടും ഈ മഹാത്മക്കളെ മോഹാന്ധതാദുർദേവതയ്ക്ക് ബലികൊടുക്കാൻ ചില പിശാചായമാനന്മാരുണ്ടായി. അവരുടെ ചേരിയിൽ ചേരേണ്ടവർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. മതപരമായ പ്രക്ഷോഭണം ഇക്കൂട്ടരുടെ മൂഢവിശ്വാസഭ്രാന്ത് ഇളക്കുവാനേ ഉപകരിക്കൂ. അതുകൊണ്ട് നാട്ട് നന്നാകയില്ല. പേപ്പട്ടിവിഷം വ്യാപിച്ചാൽ കുത്തിവെയ്പുകൊണ്ട് പരിഹാരം നേടാം. മതഭ്രാന്തിളകിയാൽ ഒരു രക്ഷയുമില്ല. അനുഭവിച്ചുതന്നെ തീരണം. ഒന്നോർത്താൽ മതവികാരങ്ങൾ വ്രണപ്പെടുന്നത് നല്ലതല്ലേ? ദുഷ്ടരക്തമുള്ളിടത്തല്ലേ വ്രണമുണ്ടാകുന്നത്? അത് കുറെ പൊട്ടിയൊലിച്ച് ദുർഗന്ധവാഹിയായ ചോരയും ചലവും പുറത്തുപോയാലേ മതമണ്ഡലം ശാന്തശുദ്ധരക്തമാകുകയുള്ളൂ.

(യുക്തിവിചാരം 1960)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014